

ലിവിങ്ങിലെ വർണക്കാഴ്ചകൾ മുറികളെ കൂടുതൽ മനോഹരമാക്കുന്നു.

സ്തുക്കളും കുത്തിനിറച്ചിരിക്കുന്നു എന്നു തോന്നാതെ ഭംഗിയായി അലങ്കരിച്ചിരിക്കുന്നു. ഫ്ളോറിങ്ങിലും മഞ്ഞ പോലുള്ള അധികമാരും ഉപയോഗിക്കാത്ത നിറങ്ങളുടെ ഷേഡിങ് കൊടുത്തു. ഇതിന്റെ തൊട്ടടുത്തു വയലറ്റ് നിറത്തിലുള്ള, സ്ക്വയർ ഫീറ്റിന് 80 രൂപ വരുന്ന ഏഷ്യൻ വിട്രിഫൈഡ് ടൈലുകളും ബോർഡർ വരുന്നയിടത്ത് ചെസ് ബോർഡിന്റെ പോലെ കറുപ്പും വെളുപ്പും നിറത്തിലുള്ള ടൈലുകളും നൽകി. ടിവിയുള്ളയിടം, അകത്തേക്കു കുറച്ചു ഭാഗം കട്ട് ചെയ്ത്, അവിടെ മഞ്ഞനിറവും നൽകി. അതിനാൽ,സ്ക്രീനിൽ വെള്ളിവെളിച്ചം തെളിയുമ്പോൾ പിറകിലെ മഞ്ഞവെളിച്ചം മുറിക്കു കൂടുതൽ ആകർഷകത്വം പകരുന്നു. വശത്തായി ഒരു ബുക് ഷെൽഫും കൊടുത്തു.

നാലുപേർക്കിരിക്കാവുന്ന ഡൈനിങ് ടേബിളാണുള്ളത്. തൊട്ടടുത്തായി വാഷിങ് ഏരിയയും വരുന്നു. മുറിയിലെ ആകെയുള്ള മഞ്ഞനിറത്തോടു യോജിച്ചുപോവാൻ ഈ വാഷ്ബേസിനും മഞ്ഞനിറത്തിലാണ്. അതിനിരുവശവുമാണ് ചെറുതെങ്കിലും സ്പേസ് സേവിങ് ആയിട്ടുള്ള ഗ്ലാസിലും പ്ലൈവുഡിലുമുള്ള ക്രോക്കറി ഷെൽഫ്.

വില കുറഞ്ഞ, ഇംപോർട്ടഡ് ടൈലുകളാണ് യേശുദേവന്റെ ഫോട്ടോ വരുന്നയിടത്തെ ചുവരിൽ നൽകിയത്. ഇവിടം മുഴുവനും പ്രകാശമാനമാക്കാൻ ഈ ടൈലുകൾ സഹായിക്കുന്നു. ഇതിനു മുകളിലെ ഫോൾസ് സീലിങ്ങിലും അലങ്കാരപ്പണികൾ നൽകുകയും വെളിച്ചത്തിനായി പ്രത്യേക സംവിധാനങ്ങൾ നൽകുകയും ചെയ്തു. സ്റ്റെയർകേസ് വരുന്നയിടത്ത് സീലിങ്ങിൽ 'എസ്' ആകൃതിയിൽ ജിപ്സം കൊണ്ടുള്ള ഫോൾസ് സീലിങ് നൽകി.

നിറങ്ങളാണ് ഇവിടുത്തെ മറ്റൊരു പ്രധാന ആകർഷണം. എല്ലാം തവിട്ടിന് ഏറ്റക്കുറച്ചിലുകൾ വരുത്തിയുള്ളത്. ഓരോയിടത്തും ഈ ഏറ്റക്കുറച്ചിൽ മാറി വരുമ്പോൾ അവിടം സൗന്ദര്യപൂർണമാവുന്നു. ലിവിങ് റൂമിലുള്ള ബാംബൂ കർട്ടനും ഫ്ളോറിങ്ങിലെ വിവിധ നിറങ്ങളിലുള്ള ടൈലുകളും മുറികൾക്കു വർണശോഭ പകരുന്നു.

## ഇഷ്ടമുള്ളിടമേതെന്നു ചോദിച്ചാൽ..

ശരിക്കും ഒരു വീടിന്റെ കാതൽ എന്നു വിളിക്കാവുന്ന വീടിന്റെ ലിവിങ് ഏരിയ തന്നെയാണ് വീട്ടിൽ തന്നെ ഏറ്റവും തൃപ്തനാക്കിയതെന്നു ജൂഡ്സന്റെ പക്ഷം. വീടിന്റെ ടോട്ടൽ ലെങ്ത് ഈ ലിവിങ് റൂമിൽ നിന്നുമളക്കാം. ഡബിൾ ഹൈറ്റിലുള്ള ലിവിങ്ങിനു മുകളിൽ വെളിച്ചം കടന്നു വരാനായി പർഗോള റൂഫിങ്ങും നൽകിയതിനാൽ സന്ധ്യാസമയങ്ങളിൽ പോലും വീട്ടിൽ പകൽ പോലെ വെളിച്ചമാണ്. ''ചെറിയ വീടുള്ളവർക്കും വലിയ വീടുള്ളവർക്കും ഒരു പോലെ പരീക്ഷിച്ചു നോക്കാവുന്നതാണ് ഇവിടുത്തെ ഇന്റീരിയറും നിർമാണരീതിയും.'' ജൂഡ്സൺ ആത്മവിശ്വാസത്തോടെ പറയുന്നു.

## വെള്ള പൂശിയ വാതിലുകൾ

ഇവിടുത്തെ വാതിലുകളും ജനലുകളുമെല്ലാം വെള്ള നിറത്തിലാണുള്ളത്. ഇത് വീടിനു മൊത്തത്തിൽ ഒരു ഇംഗ്ലീഷ് ഛായ നൽകുന്നു. പ്രധാന

പി.ആർ.ജൂഡ്സൺ
ഡിസൈനർ







വാതിൽ ഒഴിവാക്കിയാൽ അകത്തെ ഒട്ടുമിക്ക വാതിലുകൾക്കും ഇടയിൽ ഗ്ലാസ് കൊണ്ടുള്ള പാളികൾ നൽകിയിട്ടുണ്ട്. അകത്തേക്കു തള്ളിയാണു ജനലുകളുടെ പൊസിഷനെന്നതിനാൽ ബാക്കി ഭാഗത്ത് കബോർഡുകൾ വയ്ക്കാൻ കഴിഞ്ഞു. ചെറുതേക്ക് ആണ് ഉപയോഗിച്ച പ്രധാന തടി.

ആധുനിക രീതിയിലുള്ള അടുക്കള (താഴെ). സ്റ്റെയർകേസിനു മുകളിലെ സിറ്റിങ്ങിൽ പർഗോള റൂഫിങ് (മുകളിൽ വലത്).

## ഒന്നിനൊന്ന് മെച്ചമാക്കി

ഓരോ പ്രാവശ്യവും ഡിസൈൻ മാറി മാറി പരീക്ഷിക്കുന്ന ശൈലിയിൽ ഏറ്റവും പുതിയ ഇന്റീരിയറാണ് അടുക്കളയിൽ ഒരുക്കിയിരിക്കുന്നത്. ഇവിടെ. അടുക്കളയിലെ കളർ സ്കീം ഒന്നു മാറ്റി



യപ്പോൾ മുമ്പു കണ്ടതിൽ നിന്നും ഏറെ വ്യത്യസ്തമായ ഒരു രൂപമായതു കാണാം. മോഡേൺ സ്റ്റൈലിലുള്ള കിച്ചണിൽ കിച്ചൺ സാമഗ്രികളും ചെറുതേക്കിൽ മെറ്റാലിക് ഫിനിഷ് ചെയ്ത കാബിനറ്റുകളും വരുമ്പോൾ ഒരു പ്രത്യേക ആകർഷണം വരുന്നതായി കാണാം.

സ്റ്റെയർ കേസിന്റെ കാര്യത്തിൽ ഭംഗിക്കൊപ്പം ചെലവു ചുരുക്കൽ നയവും പ്രയോഗിച്ചു. ഇതു പണിതത് ഗ്രാനൈറ്റിലാണ്. കൂടാതെ ഇവ സൗന്ദര്യപൂർണമാക്കാൻ മൈൽഡ് സ്റ്റീലിലും ഇടയ്ക്കു തടിയിലുമുള്ള റെയ്‌ലിങ്ങും നൽകി. വീട്ടിലെ രണ്ട് ബെഡ്റൂമുകളും സ്റ്റെയർകേസ് കയറി മുകളിലെത്തുമ്പോൾ കാണാം. ബെഡ്റൂം, ബെഡ്റൂം കം സ്റ്റഡി റൂമായി മാറ്റിയിരിക്കുകയാണ്.

പോളികാർബണേറ്റ് ഷീറ്റ് വിരിച്ച കാർ പോർച്ച്. അതിനു മുകളിലെ ചുവരിൽ സ്ലേറ്റ് സ്റ്റോൺ നൽകിയതു കറുപ്പു നിറത്തിൽ കാണാം. അതിനരികിലായി ചെറിയ തോതിലുള്ള പൂന്തോട്ടവും വരുന്നു. ഇത്തിരിപ്പോന്ന സ്ഥലമാണെങ്കിലും, ഇവിടെ ഒരുക്കിയ പൂന്തോട്ടം ചൂണ്ടിക്കാണിച്ച് ടെറസിലും സമീപഭാവിയിൽ തന്നെ ഇതു പോലൊന്ന് ഒരുക്കാനുള്ള ലക്ഷ്യമുണ്ടെന്ന് ജൂഡ്സൺ സാക്ഷ്യപ്പെടുത്തുമ്പോൾ അതിനൊപ്പം 'സൈലൻറാ'യി വരുന്ന ഒരു ചോദ്യംകൂടി.

എന്താ, ഒന്ന് ട്രൈ ചെയ്തു നോക്കുന്നോ?